UNSTARRED QUESTIONS AND ASNSWERS

ട്രാൻസ്പോർട്ട് ദേശവൽക്കരണം

127. [1] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ട്രാൻസ്പോർട്ട് പൂർണ്ണമായോ, ഭാഗികമായോ ദേശവൽക്കരിക്കാൻ വേണ്ടി ഇതിനകം നോട്ടിഫൈ ചെയ്ത റൂട്ടുകൾ ഏതെല്ലാമാണ് ;

(ബി) പുതുതായി ഇനിയും നോട്ടിഫൈ ചെയ്യാൻ ഉദ്ദേശിക്കുന്ന റൂട്ടുകളേവ ;

(സി) കോഴിക്കോട്-ബാലുശ്ശേരി-പേരാംപ്രൂട്ട ദേശവൽക്കരണത്തിനു് ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) ലിസ്റ്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. ‡

(ബി) തീരുമാനിച്ചിട്ടില്ല.

(സി) ഇപ്പോഴം ഉദ്ദേശമില്ല.

Statement by the Minister correcting answer already given.

Mr. Speaker : The Minister for Industries has to correct any information already given. I call upon the Minister for Industries to make the statement.

9. A. M.]

Minister for Industries **(Shri K. A. Damodara Menon)** :

Sir, the statements laid on the table in reply to Question No. (13) of Shri N. Gopala Kurup on 25-2-1964 and Question No. (42) of Shri S. Kumaran on 27-2-1964 regarding the allotment of cars from the State quota require correction. * A note containing the correction to be incorporated in the answer has been placed on the Table of the House.

ADJOURNMENT MOTIONS

Mr. Speaker : I have received notices under rule 49 from several members on various topics. I will take them one by one.

1. Alleged murder of Sub-Inspector of Police, Aranmula.

Mr. Speaker : Shri Malethu Gopinatha Pillai has given notice of a motion under Rule 49 to adjourn the business of the Assembly to discuss a matter of urgent public importance, namely the cruel and terrible assassination of the Sub-Inspector of Police at Aranmula on 31-3-1964. I call upon the Chief Minister to state the facts.

† Appendix V.

‡ Appendix †V.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ): സർ, ഇന്നലെ വളരെ പരിതാപകരമായ സാഹചര്യങ്ങളിൽ ഒരു പോലീസ് സബ് ഇൻസ്പെക്ടരെ കൊലപ്പെടുത്താൻ ഇടയായി. ആറന്മുള പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട ഒരു ഗ്രാമത്തിന്റെ ഒരു ഭാഗത്തുനിന്ന്, ഒരു എക്സ് സർവീസുകാരന്റെ ഭാര്യയായ ഒരു സ്ത്രീ ആറന്മുള പോലീസ് സ്റ്റേഷനിൽ എത്തുകയും, അവരുടെ വസ്തുക്കളിലും അവരുടെ വീട്ടിലും കൈയ്യേറ്റംചെയ്യാൻ അവരുടെ സഹോദരനും അയാളുടെ രണ്ടുമക്കളുംകൂടി മുതിരുന്നു എന്നും, അതുകൊണ്ട് പോലീസ് സഹായം ലഭിച്ചില്ലെങ്കിൽ, ഉടനെ സ്ഥലത്തു എത്തിയിട്ടില്ലെങ്കിൽ അവരെ അവിടെനിന്നും പുറത്താക്കുമെന്നും അറിയിക്കുകയും ചെയ്തു. ആറന്മുള പോലീസ് സബ് ഇൻസ്പെക്ടർ, വളരെ ചുറുചുറുക്കുള്ള ഒരാളാണ്, 26 വയസ്സു മാത്രം പ്രായമുള്ള അദ്ദേഹം രാവിലെതന്നെ അവിടെ ഉണ്ടായിരുന്ന രണ്ടു പോലീസ് കോൺസ്റ്റബിൾമാരെയും കൂട്ടികൊണ്ടു ഈ സ്ഥലത്തേക്കു പോകുകയുണ്ടായി. ഈ പറയുന്ന സ്ഥലം അവിടെനിന്നും ഏഴു മൈൽ അകലെയാണ്. ഏതാണ്ടു ഒരു ഉൾപ്രദേശമാണ്. അവിടെ ഇവർ എത്തിച്ചേരുന്നതിനുമുമ്പ് ഈ സഹോദരനും അയാളുടെ രണ്ടുമക്കളുംകൂടി പോലീസുകാർ അവിടെ വരുമെന്നു കരുതി കുറെ കല്ലുകൾ ശേഖരിച്ചുവച്ചുകൊണ്ട് അവിടെ ഒളിച്ചുനിൽക്കുകയായിരുന്നു. സബ് ഇൻസ്പെക്ടരും പോലീസുകാരും അവിടെ എത്തിക്കഴിഞ്ഞയുടനെ അവരുടെ നേരെ ഭയങ്കരമായി കല്ലുകൾ എറിഞ്ഞു. ആ ഏറുകൊണ്ട് ഒരു പോലീസ് കോൺസ്റ്റബിൾ നിലത്തുവീണുപോയി. ഇതുകണ്ടു ആ വീട്ടിൽ കടന്നുചെല്ലണമെന്നു വിചാരിച്ച സബ് ഇൻസ്പെക്ടർ മുന്നോട്ടുതന്നെ നീങ്ങി. ആ സമയം ഒരു കല്ല് അദ്ദേഹത്തിന്റെ തലയിൽ കൊള്ളുകയും അദ്ദേഹം ബോധംകെട്ടു വീഴുകയും ചെയ്തു. ആ സമയത്തു ഇവർ ഓടിച്ചെന്നു മഴുകൊണ്ടു വെട്ടുകയും മറ്റു പല ഭയങ്കരമായ മുറിവുകൾ ഏല്പിക്കുകയും ചെയ്തു. ഏതാനും നിമിഷങ്ങൾക്കകംതന്നെ അദ്ദേഹത്തെ കൊന്നുകഴിഞ്ഞു. ബാക്കി അവിടെ ഉണ്ടായിരുന്ന ഒരു പോലീസ് കോൺസ്റ്റബിളും അടുത്ത വീട്ടിലുണ്ടായിരുന്ന ഒരു സ്ത്രീയും ഇതുകണ്ടു കുറെ ശബ്ദമുണ്ടാക്കിയതിന്റെ ഫലമായി അല്പസമയംകൊണ്ട് അവിടെ കുറെ ആളുകൾ വന്നു. ഈ വീട്ടിൽ കൂടെക്കൂടെ വഴക്കുകൾ ഉണ്ടാകാറുള്ളതുകൊണ്ട് ആളുകൾ അങ്ങോട്ടു തിരിഞ്ഞുനോക്കുന്നേ പതിവില്ല. ഈ സമയത്തിനിടയ്ക്ക് സബ് ഇൻസ്പെക്ടരെ കൊന്നുകഴിഞ്ഞു. ഈ സ്ത്രീയുടെ വീട്ടിനു അവർ തീവച്ചു. എന്നിട്ട് ഈ സബ് ഇൻസ്പെക്ടരുടെ ശവശരീരം അവിടേയ്ക്ക് വലിച്ചിഴച്ചുകൊണ്ടിടാൻ ശ്രമിച്ചു. എന്നാൽ അവിടെ കൂടിയിരുന്ന ആളുകൾ അങ്ങനെ ശവശരീരം വലിച്ചിഴച്ചുകൊണ്ടുപോയി തീയിലിടാൻ സമ്മതിച്ചില്ല. അതുകൊണ്ട് ആ പരിശ്രമത്തിൽനിന്നും പിൻതിരിയുകയാണ് ചെയ്തത്. ഈ സമയത്തിനിടയ്ക്ക് അവിടെ കൂടിയിരുന്ന ആളുകൾ അവരെ പിടിച്ചു മൂന്നു മരത്തിൽ കെട്ടി. അവിടെയുണ്ടായിരുന്ന ആളുകൾക്ക് അതുകണ്ടു വളരെ രോഷംതോന്നി. പിന്നീടുവന്ന ആളുകൾ അവർ പിടിച്ചുകെട്ടിവച്ച ആളുകളെ കല്ലെറിയാൻ തുടങ്ങി. അതിന്റെ ഫലമായി വളരെ പരിക്കുകൾ പറ്റിയിട്ടു ഈ സഹോദരൻ എന്നു പറഞ്ഞ ആൾ മരിച്ചു. ഈ വിവരം അറിഞ്ഞയുടനെ പത്തനംതിട്ട പോലീസ് സ്റ്റേഷനിൽനിന്നും പോലീസ് സ്ഥലത്തു എത്തി, അവിടെ കൂടിയിരുന്ന ആളുകളെ മാറ്റിയിട്ട് ഈ രണ്ടുപേരെയും അഴിച്ചുമാറ്റി. മറ്റാളുകളെ എല്ലാപേരെയും ആസ്പത്രിയിൽ അയച്ചു. വളരെ ഗുരുതരമായ മുറിവുകൾ ആദ്യം ഏറുപറ്റിയ പോലീസ് കോൺസ്റ്റബിളിനാണ്. ഈ സംഭവത്തെ സംബന്ധിച്ചു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മാത്രമല്ല ഈ സംഭവത്തെപ്പറ്റി വളരെ ഊർജിതമായ അന്വേഷണം നടത്തിവരുന്നുണ്ട്. മരണമടഞ്ഞ ഈ സബ് ഇൻസ്പെക്ടരുടെ ശവശരീരം ഇന്നലെ രാത്രി വളരെ ഇരുട്ടിയതിനുശേഷം തിരുവനന്തപുരത്തു കൊണ്ടുവന്നു. അമ്മയുടേയും അച്ഛന്റെയും അടുത്തു അവർ താമസിക്കുന്ന വീട്ടിൽകൊണ്ടുചെന്നു. ഇന്നുരാവിലെ അസംബ്ലിയിൽ വരുന്നതിനുമുൻപു ഞാൻ അവിടെ പോകുകയും നമ്മുടെ അനുശോചനം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വളരെ സന്താപകരമായിട്ടുള്ള ഒരു സംഭവമാണിതു്. ഏറ്റവും ധീരതയും ചുറുചുറുക്കുമുള്ള ഒരു ചെറുപ്പക്കാരനായിരുന്നു അദ്ദേഹം. അവിടെ അപകടം ഉണ്ടെന്നു ബോദ്ധ്യമായതിനുശേഷം അവിടെ പ്രവേശിച്ച ഒരു ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. ആ

LIBRARY ARCHIVES Kerala Legislative Assembly

ഉദ്യോഗസ്ഥനോട് ഗവണ്മെൻറിനു് അങ്ങേയറ്റം സഹാനുഭൂതിയുണ്ടു്. അതു സംബന്ധിച്ചു് ഗവണ്മെൻറിനു ചെയ്യാവുന്ന എല്ലാ സംഗതികളും ചെയ്യുന്നതാണു്. ഈ സബ് ഇൻസ്പെക്ടരുടെ അച്ഛനും അമ്മയ്ക്കും ഗവണ്മെൻറിൽ നിന്നും കാമ്പൻസേഷൻ കൊടുക്കുന്നതിനുള്ള നടപടിയും എടുക്കുന്നതാണു്.

ശ്രീ. പൊന്നറ ജി, ശ്രീധർ: ഒരു സംഗതി അതെ സംബന്ധിച്ചു പറയുവാനുണ്ടു്. അദ്ദേഹം പറഞ്ഞുകഴിഞ്ഞതിനുശേഷം പറയാമെന്നു വിചാരിച്ചിരുന്നതാണു്.

മി. സ്പീക്കർ: അതേപ്പറ്റി ഒരു ഡിസ്കഷൻ ആവശ്യമില്ല.

Mr. Speaker: In the light of the facts stated by the Chief Minister, I do not think there is any need for a discussion under Rule 49. Hence I withhold consent to the moving of the motion.

2. Hunger strike by the members of the State Transport Employees Union.

Mr. Speaker: Sarvashree Ponnara G. Sreedhar, T. C. Narayanan Nambiar and P. M. Kunhiraman Nambiar have given notices of a motion under Rule 49 to discuss a matter of urgent public importance viz., the serious situation arising out of the hunger strike observed by Shri K. V. Surendranath since 30-3-1964 and also the mass hunger strike by the workers for a day in all District headquarters. I call upon the Minister to state the facts.

ശ്രീ. കെ. ടി. അച്യുതൻ: സ്റ്റേറ്റു ട്രാൻസ്പോർട്ടു ഡിപ്പാർട്ടുമെൻറു എംപ്ലായീസ് യൂണിയനിൽനിന്നും ചില ഡിമാൻറുകളും കുറച്ചുമാസങ്ങൾക്കു മുൻപു ഗവണ്മെൻറു മുമ്പാകെ കിട്ടുകയുണ്ടായി. അതിനുശേഷം രണ്ടുപ്രാവശ്യം ആ യൂണിയൻറെ പ്രതിനിധികളുമായി ചർച്ചകളും നടത്തി. രണ്ടാമത്തെ പ്രാവശ്യം ചർച്ചകളും നടത്തിയപ്പോൾ വിശദമായി എല്ലാ കാര്യങ്ങളെപ്പറ്റിയും സംസാരിച്ചതിനുശേഷം ഡിപ്പാർട്ടുമെൻറിനെകൊണ്ടു് അഡ്മിനിസ്റ്റർ ചെയ്യാവുന്ന കാര്യങ്ങളും ചെയ്യാമെന്നു ഞാൻ അവർക്കു് ഉറപ്പുകൊടുക്കുകയും അതിൽ ചില ആനുകൂല്യങ്ങളും ചെയ്തുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. മറ്റു സാമ്പത്തികമായ ബാദ്ധ്യതകളും വരുന്നതുകൊണ്ടു് ഇപ്പോൾ അതിനെപ്പറ്റി നിർബന്ധിക്കുവാൻ പാടില്ലെന്നും അതു് ഈ കൊല്ലത്തെ പ്രവർത്തനം കഴിഞ്ഞതിനുശേഷം നമുക്കു ആലോചിക്കാമെന്നും പറഞ്ഞു കഴിഞ്ഞിട്ടാണു് അതെപ്പറ്റി നടപടിയെടുത്തതു്. ഞാൻ ഉദ്ദേശിച്ചിരുന്നതു്, ഇതു കഴിഞ്ഞാൽ പിന്നെ കാര്യമായി വളരെയൊന്നും പറയാൻ ഉണ്ടാകുകയില്ലാ എന്നാണു്. ഇക്കൊല്ലത്തെ ആദായത്തിൻറെ കണക്കു് കിട്ടിക്കഴിഞ്ഞാൽ ഇനി ബാക്കി കാര്യങ്ങളും വരുന്നകൊല്ലം തീരുമാനിക്കാമെന്നും ഉദ്ദേശിച്ചിരിക്കുകയായിരുന്നു. ഒരുകാര്യംകൂടി ഈ അവസരത്തിൽ പറയണമെന്നു ഞാൻ വിചാരിക്കുകയാണു്. ഈ മാർച്ചു് 31-ാംതീയതിവരെ 75 ലക്ഷം രൂപാ ആദായം കണക്കാക്കിയിരുന്നു. അതു് അഞ്ചോ, ആറോ ലക്ഷമായി കുറയും. അതു് ഇക്കൊല്ലത്തെയാണു്. അതിൽ അവരോടു് ഏപ്രിൽ 1-തീയതി മുതൽക്കുള്ള വർദ്ധിപ്പിച്ച അലവൻസിൻറെ കാര്യത്തെപ്പറ്റി ഞാൻ പറഞ്ഞില്ല. ഇപ്പോൾ സർക്കാർതന്നെ മൂന്നുരൂപായും, അഞ്ചുരൂപായും ഡീയർനസ് അലവൻസ് കൂട്ടാൻ പോകുകയാണു്. അതിൽതന്നെ മൂന്നിൽ ചിലപ്പോൾ ലക്ഷം രൂപാ കൂടുതലായി വേണ്ടിവരും. അതിനും പുറമെ, മറ്റു ചില ആനുകൂല്യങ്ങളും വർദ്ധിപ്പിച്ചു കൊടുക്കുന്നതിൻറെ നിലവച്ചുനോക്കിയാൽ അഞ്ചുലക്ഷം രൂപാ കൂടുതലായി വേണ്ടിവരും. അപ്പോൾ ഒരു എട്ടുലക്ഷം, ഒൻപതുലക്ഷം രൂപായോളം കൂടുതലായി ചെലവഴിക്കേണ്ടിവരും. അപ്പോൾ ഞാൻ പറഞ്ഞു; ഈ സാമ്പത്തികമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം കുറച്ചുകൂടി നാം കുറേയായി ആലോചിക്കണമെന്നു്. മാത്രമല്ലാ, കൂടുതൽ ആനുകൂല്യങ്ങളും അനുവദിക്കുന്നതുകൊണ്ടുണ്ടാകുന്ന ചെലവിനുള്ള പണം ഗവണ്മെൻറിൽനിന്നും അനുവദിക്കണമെന്നും വളരെ വിനീതമായി

LIBRARY ARCHIVES Kerala Legislative Assembly